മിസ്റ്റർ സി. യു. നാരായണൻ: അതിന്ന തീരുമാനമെടുക്കാൻ എത്ര താമസം വേണം?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കുറച്ചു സമയമെടുക്കും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിൽ പ്രധാനമായിട്ടുള്ള കാര്യം എന്താണ്?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രധാനമായിട്ടുള്ളതു തേങ്ങാപാട്ടത്തിന്റെ കാര്യമാണ്.

TRENCHING GROUND—CHANGE OF LOCATION

13. (245) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി തരുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) കല്ലൂർ മലം ഡെപ്പോ സ്ഥലം മാറ്റിക്കിട്ടണമെന്ന പൊതുജനങ്ങളിൽനിന്നും തുടരെത്തുടരെ ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെണ്ടിന്റെ തീരുമാനം എന്താണ്;

(സി) ഇതു് എറണാകുളം പട്ടണത്തിന്റെ അതിർത്തിയിൽനിന്നും എത്ര ഫർലോങ്ങ് അകലെയാണ് സ്ഥിതിചെയ്യുന്നതു്;

(ഡി) ഈ മലം ഡെപ്പോ എറണാകുളത്തേക്കുള്ള എറ്റവും പ്രധാനറോഡിന്റെ തൊട്ടരികിലല്ലേ സ്ഥിതിചെയ്യുന്നതു്;

(ഇ) ഇതിന്റെ നാലുഭാഗവും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമല്ലേ;

(എഫ്) മലം വേറെ വിധത്തിൽ നീക്കംചെയ്യുന്നതിനെപ്പറ്റി ഗവണ്മെണ്ടു് അന്വേഷണം നടത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം അറിയിക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉണ്ടു്.

(ബി) കല്ലുങ്കനിന്നു മാറ്റണമെന്നാണു് തീർച്ചയാക്കിയിരിക്കുന്നതു്.

(സി) ഏകദേശം രണ്ടു ഫർലോങ്ങു്.

(ഡി) അതെ.

(ഇ) അതെ.

(എഫ്) മലം ചുറ്റുപാടും നിവസിക്കുന്നവർക്കു ഉപദ്രവമില്ലാത്ത തരത്തിൽ വളമാക്കിത്തീർക്കുന്നതിനെപ്പറ്റി ഗവണ്മെണ്ടു് അന്വേഷിച്ചുവരികയാണു്. മറ്റുപ്രദേശങ്ങളിലെ നഗരങ്ങളിൽ എന്തു പദ്ധതിയാണു് അംഗീകരിച്ചിരിക്കുന്നതു് എന്നു് അന്വേഷിച്ചുവരുന്നുണ്ടു്.

POLICE STATION AT OLLUR—OPENING OF

14. (177) മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) മല്ലൂരിൽ ഒരു പോലീസു് സ്റ്റേഷൻ ആരംഭിച്ചു കിട്ടുവാൻ പൊതുജനങ്ങളിൽനിന്നു നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) സ്റ്റേഷൻ തുടങ്ങുന്നതിനു ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണു് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വു്.

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കയാണു്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: അടുത്തുതന്നെ ഒരു തീരുമാനമുണ്ടാകുമെന്നു വിശ്വസിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അടുത്തു് ഒരു തീരുമാനമുണ്ടാകുമെന്നു പറയാം.

"EXPRESS" REPORT ON MINIMUM WAGES, BONUS AND APPELLATE TRIBUNAL—PARTICULARS REGARDING

15. (17) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) Whether they have noted paragraph 6 of the news report in column 1 on page 3 of the 'Express' (Trichur) dated 3rd Kanni 1124 dealing on minimum wages and bonus for workmen and also about the abolition of Appellate Tribunal;

(*b*) whether they have accepted the suggestions mentioned therein;

(*c*) if not, why?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) No such news report is seen published in the 'Express' dated 3rd Kanni 1124.
(*b*) and (*c*) Does not arise.

Mr. C. V. Iyyu *(Kunnamkulam):* I have to submit to the Hon'ble President that the figure 3 has been written by a mistake. It ought to be 8; because of the similarity of the figure 3 and 8 a mistake has been committed. I have submitted that very issue of the newspaper itself to the Hon'ble President. The Government may be pleased to give an answer at a later date.

Mr. P. Govinda Menon *(Minister for Finance and Law):* A copy of the Express which is now with me is dated 3rd Kanni.

Mr. President: What the Hon'ble Member meant is 8th Kanni. I have verified it. So what the Hon'ble Member's suggestion is that this may be altered as 8th Kanni and Government may answer it at a later date.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Minimum Wages-നെപ്പറ്റിയോ, അപ്പ്ലിഫ്ട് ടൈബ്യൂണലിനെ സംബന്ധിച്ചോ എന്താണെന്ന കൃത്യമായി പറയാൻ എനിക്കിപ്പോൾ ഓർമ്മയില്ല. കടലാസ്സു കണ്ടാൽ പറയാം.

Mr. President: Now let us go to the other question. This shall be answered later.

RULES OF THE PUBLIC SERVICE COMMISSION—INFORMATION REGARDING

16. (251) മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ:

താഴെ പറയുന്ന ചോദ്യത്തിന് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു മനസ്സുണ്ടാകുമോ.—

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നടത്തിപ്പിനെ സംബന്ധിച്ചു നിയമങ്ങളും റൂളുകളും ഉണ്ടാക്കീട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ള നിയമങ്ങളും റൂളുകളും ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എസ്റ്റാബ്ലിഷ് ചെയ്തിട്ട് എത്രകാലമായി?

മിസ്റ്റർ സി. എ. ഔസേപ്പ്: 1950-ൽ ആണ് എസ്റ്റാബ്ലിഷ് ചെയ്തത്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അന്നു നിയമങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: നിലവിലുള്ള നിയമങ്ങൾ ഉദ്യോഗസ്ഥന്മാരുടെ നിലയിൽ അസമത്വങ്ങൾ ഉണ്ടാക്കാൻ ഇടയുള്ളവിധത്തിലായിരുന്നതിനാൽ എല്ലാവർക്കും നീതി ചെയ്യുന്ന നിയമങ്ങൾ ഉണ്ടാകണമെന്ന കരുതി അതിനെക്കുറിച്ച് ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അങ്ങിനെ എല്ലാവർക്കും സ്വീകാര്യമായ നിയമങ്ങൾ ഉണ്ടാക്കുവാൻ ഇനിയും എത്ര താമസം വേണ്ടിവരും?

മിസ്റ്റർ സി. എ. ഔസേപ്പ്: അധികതാമസം ഉണ്ടാകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: നിയമങ്ങൾ ഉണ്ടാക്കുന്നതുവരെ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ രീതിയിൽ തന്നെയാണ് ഉദ്യോഗനിയമനത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളതുകൊണ്ട് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ തസ്തിക തല്ക്കാലത്തേക്കെങ്കിലും വേണ്ടെന്നുവച്ച് പഴയ Staff Selection ബോർഡിനെക്കൊണ്ടുതന്നെ കാര്യങ്ങൾ നടത്തരുതോ?

മിസ്റ്റർ സി. എ. ഔസേപ്പ്: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമങ്ങളനുസരിച്ചു തന്നെ കാര്യങ്ങൾ തുടരുന്നതിനു അധികം താമസം വേണ്ടിവരികയില്ല.

മിസ്റ്റർ പി. കെ. ഡീവർ: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമങ്ങൾ എഴുതുവാനായി റിട്ടയർചെയ്ത ഒരുദ്യോഗസ്ഥനെ വെച്ച് നിയമങ്ങൾ എഴുതിക്കുകയുണ്ടായിട്ടില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: റിട്ടയർ ചെയ്തതാണോ അല്ലയോ എന്നു നിശ്ചയമില്ല; ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു നിയമങ്ങൾ എഴുതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly